മഹാമാരിയെ തുടർന്ന് കമ്പനികളുടെ പ്രവർത്തനത്തിൽ മന്ദതയുണ്ടായെങ്കിലും സർക്കാരിന്റെ മൂലധന സഹായംകൊണ്ടും തുടർച്ചയായുള്ള വിലയിരുത്തൽകൊണ്ടും കോവിഡ് മഹാമാരിമൂലമുണ്ടായ ഗുരുതര പ്രതിസന്ധി തരണം ചെയ്യുവാൻ ഒരുപരിധി വരെ സാദ്ധ്യമായിട്ടുണ്ട്. നിലവിലെ ആഡിറ്റ് സ്റ്റാറ്റസിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ 2020-21 വരെയുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം/നഷ്ടം എന്നിവയുടെ ക്രോഡീകരിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തനലാഭം 214.16 കോടി രൂപയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തന നഷ്ടം 102.86 കോടി രൂപയുമാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുംകൂടി 111.30 കോടി രൂപ പ്രവർത്തന ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

121(135) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ആരംഭിച്ചിട്ടുള്ള ഇലക്ട്രിക് വാഹനത്തിന്റെ റിസർച്ച് & ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ പുരോഗതി വ്യക്തമാക്കുമോ?

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് നിലവിൽ നിർമ്മിച്ചുവരുന്ന എൽ-5 കാറ്റഗറി പാസഞ്ചർ ഇലക്ട്രിക്ക് ഓട്ടോയ്ക്ക് ARAI സർട്ടിഫിക്കേഷനുണ്ട്. കൂടാതെ ഇലക്ട്രിക്ക് Load Carriage ഓട്ടോറിക്ഷയുടെ റിസർച്ച് & ഡെവലപ്മെന്റ് പൂർത്തീകരിച്ച് ARAI സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭാവിയിൽ ഇലക്ട്രിക്ക് സ്കൂട്ടർ നിർമ്മിക്കുന്നതിനുള്ള പദ്ധതികളും കമ്പനി വിഭാവനം ചെയ്യുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷവും ഓട്ടോമോട്ടീവ് വാഹനങ്ങളുടെ പുതിയ മോഡലുകൾ നിരത്തിലിറക്കി വൻകിട വാഹന നിർമ്മാതാക്കളുമായി മത്സരിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ഒരുക്കുവാൻ എന്തെല്ലാം പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇ-മൊബിലിറ്റിയുടെ തുടക്കത്തിൽതന്നെ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് തനതായി ഇലക്ട്രിക്ക് ഓട്ടോയുടെ റിസർച്ച് & ഡെവലപ്മെന്റ് നടത്തുകയും ആദ്യ മോഡൽ പുറത്തിറക്കുകയും ചെയ്തു. ഈ വാഹനം റോഡ് സാഹചര്യങ്ങൾക്ക നുസൃതമായി പരമാവധി 90 km ദൂരം ഒറ്റചാർജ്ജിൽ സഞ്ചരിക്കാൻ കഴിയുന്ന വയാണ്. വിപണിയുടെ ആവശ്യത്തിന് അനുസൃതമായി ഇപ്പോൾ ഒറ്റ ചാർജ്ജിൽ കൂടുതൽ ദൂരം സഞ്ചരിക്കുവാൻ കഴിയുന്ന പുതിയ ഇലക്ട്രിക്ക് ഓട്ടോകൾ നിരത്തി ലിറക്കുവാൻ പദ്ധതിയുണ്ട്. അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും ഇ-ഓട്ടോയുടെ വികസനത്തിനുമായി സർക്കാർ ബഡ്ജറ്റിൽ ഈ വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ പ്രമുഖ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ SCT, CET, TKM എന്നിവയുമായി ചേർന്ന് industry institution linkage വഴി പുതിയ മോഡലുകൾ വികസിപ്പിക്കുവാനും പദ്ധതിയുണ്ട്.

(സി) പുതിയ ഏതെല്ലാം തരം ഇലക്ട്രിക്ക് വാഹനങ്ങളുടെ നിർമ്മാണമാണ് കെ.എ.എൽ. ലക്ഷ്യംവയ്ക്കുന്നതെന്ന് അറിയിക്കാമോ?

ഏറ്റവുംചുരുങ്ങിയത് 700 kg മുതൽ ഭാരം വലിക്കുവാൻ കഴിയുന്ന ഇലക്ട്രിക്ക് ഓട്ടോറിക്ഷകളും ലാസ്റ്റ് മൈൽ കണക്ടിവിറ്റിക്ക് ആവശ്യമായ ഇ-റിക്ഷാ, ഇ-സ്കൂട്ടർ തുടങ്ങി 4 വീലർ വരെയുള്ള വിവിധ വാഹനങ്ങളും നിർമ്മിക്കുവാൻ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ലക്ഷ്യമിടുന്നുണ്ട്.

(ഡി) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് കെ.എസ്.ആർ.ടി.സി.-യുമായി ആലോചിച്ച് കെ.എസ്.ആർ.ടി.സി.-യുടെ പഴയ ബസ്സുകൾ ഇലക്ട്രിക്ക് ബസ്സായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് കെ.എസ്.ആർ.ടി.സി.-യുടെ പഴയ ബസ്സുകൾ ഇലക്ട്രിക് ബസ്സായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ മുന്നോടിയായി കെ.എസ്.ആർ.ടി.സി. മാനേജ്മെന്റുമായി ചർച്ച ചെയ്യുകയും കെ.എ.എൽ-കെ, എസ്.ആർ.ടി.സി.-എസ്., സി.ടി. എഞ്ചിനീയറിംഗ് കോളേജ് എന്നിവരുമായി ചേർന്നുകൊണ്ട് prototype ആയി ഒരു വാഹനം ഇലക്ട്രിക് ബസ് ആക്കി മാറ്റുവാനുള്ള നടപടികൾ നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള റിസർച്ച് & ഡെവലപ്മെന്റ് നടപടികളും പുരോഗമിക്കുന്നുണ്ട്.